# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3532

20.06.2019-ൽ മറുപടിയ്ക്ക്

## പ്രവാസികളുടെ ക്ഷേമത്തിനായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസികളുടെ ക്ഷേമത്തിനായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോക കേരള സഭ, എമർജൻസി ആംബുലൻസ് സർവ്വീസ്, നവീകരിച്ച കോൾ സെന്റർ, വെബ്പോർട്ടൽ, ജില്ലാ പ്രവാസി പരാതി പരിഹാര സെൽ, നോർക്ക അസിസ്റ്റഡ് ബോഡി റീപാട്രിയേഷൻ പദ്ധതി, ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതി എന്നീ പദ്ധതികൾ പുതുതായി നടപ്പാക്കിയിട്ടുണ്ട്.<br>കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന നൽകി വരുന്ന പെൻഷൻ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രണ്ടായിരം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| ബി) | പ്രവാസി മലയാളികൾക്കായിആരംഭിച്ചിട്ടുള്ള സാന്ത്വനം പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് പ്രവാസികൾക്ക് ലഭ്യമാക്കുന്നത്; | ബി) | തിരികെയെത്തിയ പ്രവാസി കേരളീയർക്ക് വേണ്ടി നോർക്കാ റൂട്ട്സ് നടപ്പാക്കിയിട്ടുള്ള ദുരിതാശ്വാസ പദ്ധതിയാണ് സാന്ത്വന. ഈ പദ്ധതി പ്രകാരം തിരികെയെത്തിയ പ്രവാസികൾക്ക് അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി താഴെ പറയും പ്രകാരം ധനസഹായം നൽകി വരുന്നു. മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി 1 ലക്ഷം രൂപ വരെയും, വിദേശത്തു നിന്നും തിരികെയെത്തിയ പ്രവാസികളിൽ രോഗങ്ങളാൽ ദുരിതമനുഭവിക്കുന്നവർക്ക്, കാൻസർ, ഹൃദയ ശസ്ത്രക്രിയ, ഗുരുതര വൃക്കരോഗം, പക്ഷാഘാതം, അപകടം മൂലമുള്ള സ്ഥിര അംഗവൈകല്യം തുടങ്ങിയവയ്ക്ക് 50,000/- രൂപ വരെയും, മറ്റു |

| | | | |
|---|---|---|---|
| | | | രോഗങ്ങളുടെ ചികിത്സയ്ക്ക് 20,000/- രൂപ വരെയും അനുവദിച്ച് വരുന്നു. സാമ്പത്തിക മായി പിന്നോക്കമായിട്ടുള്ള തിരികെയെത്തിയ പ്രവാസികളുടെ പെൺമക്കളുടെ വിവാഹ ത്തിനു ധനസഹായമായി 15,000/-രൂപ വരെ നൽകിവരുന്നു. പ്രവാസികളായ കേരളീയർ ക്കും, അവരുടെ ആശ്രിതർക്കും അംഗവൈ കല്യ പരിഹാരത്തിനായി കൃത്രിമക്കാൽ, ഊന്നുവടി, വീൽചെയർ മുതലായവ വാങ്ങുന്നതിനു പരമാവധി 10,000/- രൂപ വരെയും ധനസഹായം നൽകുന്നു. |
| സി) | വിദേശരാജ്യങ്ങളിൽ മരണപ്പെട്ടവരുടെ മൃതദേഹങ്ങൾ നാട്ടിലേക്ക് കൊണ്ടുവരുന്നതിനായി ഈ പദ്ധതി പ്രകാരം എന്തെങ്കിലും സഹായങ്ങൾ ചെയ്തു നൽകുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | സി) | പ്രവാസികളായ കേരളീയരുടെ (ഇന്ത്യക്ക് പുറത്തോ, കേരളത്തിനു പുറത്ത് ഇതര സംസ്ഥാനങ്ങളിലുള്ളവർ) മൃതദേഹം നാട്ടി ലെത്തിക്കുന്നതിനുള്ള പ്രത്യേക പദ്ധതിയാണ് കാരുണ്യം. പ്രവാസി കേരളീയന്റെ മൃതദേഹം വിമാനത്തിലോ, ട്രെയിനിലോ, മറ്റേതെങ്കിലും വാഹനത്തിലോ ചെലവു കുറഞ്ഞ രീതിയിൽ എത്തിക്കുന്നതിനു മരണമടഞ്ഞ പ്രവാസി യുടെ നിയമാനുസൃതമുള്ള അവകാശികൾ ക്കാണ് ധനസഹായം നൽകുന്നത്. മരണ മടഞ്ഞ പ്രവാസികൾക്കോ, ബന്ധുക്കൾക്കോ മറ്റൊരു ധനമാർഗവുമില്ലാത്ത അസാധാരണ സന്ദർഭങ്ങളിലാണ് ഈ സഹായം നൽകു ന്നത്. നിലവിൽ വിദേശരാജ്യങ്ങളിൽ നിന്നും പ്രവാസി മലയാളികളെ ചില അടിയന്തിര സാഹചര്യങ്ങളിൽ തിരിച്ചെത്തിക്കുന്നതി നായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി യിട്ടുള്ള പദ്ധതിയാണ് നോർക്കാ എമർജ ൻസി റീപാട്രിയേഷൻ ഫണ്ട്. ഉദ്യോഗ ദാതാവ്, സ്പോൺസർമാർ, എംബസ്സി, വ്യക്തികൾ, സംഘടനകൾ തുടങ്ങിയവ വഴി നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സഹായ സംവിധാനങ്ങൾ ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ ഗൾഫ് രാജ്യങ്ങളിൽ മരണമടയുന്ന പ്രവാസി മലയാളികളുടെ ഭൗതിക ശരീരം സൗജന്യമായി നാട്ടിലെത്തി ക്കാനായി നോർക്കാ എമർജൻസി റീപാട്രിയേഷൻ ഫണ്ടിന്റെ ഉപപദ്ധതിയായി നോർക്കാ അസ്സിസ്റ്റഡ് ബോഡി റീപാട്രിയേ ഷൻ സ്കീമും പുതുതായി ആവിഷ്കരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | പ്രവാസികൾക്ക് ക്ഷേമപെൻഷൻ നൽകുന്ന പദ്ധതിയിൽ എത്രപേർ അംഗങ്ങളായിട്ടുണ്ട്; ഇവർക്ക് പെൻഷൻ നൽകാൻ തുടങ്ങിയിട്ടുണ്ടോ; എത്ര രൂപയാണ് പെൻഷൻ നൽകാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഡി) | കേരള പ്രവാസി കേരളീയ ക്ഷേമ പദ്ധതിയിൽ നിലവിൽ നാല്പ ലക്ഷത്തോളം പേർ അംഗങ്ങളായിട്ടുണ്ട്. 2014 സെപ്തംബർ മാസം മുതൽ, അർഹരായവർക്ക് പെൻഷൻ അനുവദിച്ച് വരുന്നുണ്ട്. പ്രവാസി ക്ഷേമ പെൻഷൻ മിനിമം തുക 2000/- രൂപയാണ്. അറുപത് വയസ്സ് പൂർത്തിയായതും, അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (വിദേശം)-(1 എ) അംഗത്തിനും, ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം)-(1ബി) അംഗത്തിനും, പ്രവാസി കേരളീയൻ (ഭാരതം)-(2 എ) അംഗത്തിനും പ്രതിമാസം രണ്ടായിരം രൂപ പെൻഷൻ അനുവദിച്ച് വരുന്നു. അഞ്ച് വർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക്, അവർ പൂർത്തിയാക്കിയ അഞ്ച് വർഷത്തിനു ശേഷമുള്ള ഓരോ അംഗത്വ വർഷത്തിനും നിശ്ചയിച്ചിട്ടുള്ള മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുക കൂടി അധിക പെൻഷനായി നൽകി വരുന്നുണ്ട്. എന്നാൽ മൊത്തം പെൻഷൻ തുക മിനിമം പെൻഷൻ തുകയുടെ ഇരട്ടിയിൽ കൂടുന്നതല്ല. |

**സെക്ഷൻ ഓഫീസർ**